## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

7.3.2017 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2200

# ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പ്രശ്നങ്ങൾ

മറുപടി

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരളത്തിലെ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇവർക്ക് തുടർ ചികിത്സയ്ക്കും, തൊഴിൽ പരിശീലനത്തിനും ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) ബുദ്ധി വൈകല്യമുള്ള നാലിനും പതിനാറിനു മിടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കോഴിക്കോട് ജില്ലയിൽ ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC ) എന്ന സ്ഥാപനം പ്രവർത്തിക്കുന്നു . കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസം ,തൊഴിൽ പരിശീലനം, കര കൗശല നിർമാണ പരിശീലനം എന്നിവ നൽകി അവരെ സമൂഹത്തിൽ പുനരധിവസിപ്പിക്കുകയാണ് ഈ സ്ഥാപനം വഴി ചെയ്തു വരുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന 2016-17 ലെ സർക്കാർ ഗ്രാന്റ് ഉപ യോഗിച്ച് തെരഞ്ഞെടുത്ത സ്ഥാപനങ്ങൾക്കു മികച്ച ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട് . |
| (ബി) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കും ഇവരെ സംരക്ഷിക്കുന്നവർക്കും സർക്കാർ നിലവിൽ നല്കി വരുന്ന ധനസഹായം എത്രയെന്ന് വ്യക്തമാക്കാമോ; ഇതു വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾ ഉൾപ്പെടെ ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനമാവശ്യമുള്ള വിധം കിടപ്പിലായവരെയും , ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരെയും പരിചരിക്കുന്നവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'ആശ്വാസ കിരണം ' പദ്ധതിയിലൂടെ 600/- രൂപ പ്രതിമാസ ധനസഹായം നൽകുന്നുണ്ട് . ബുദ്ധിമാന്ദ്യം സംഭവിച്ചവർ ഉൾപ്പെടെ യുള്ള ഭിന്നശേഷി യുള്ളവർക്കു ഒറ്റത്തവണ ചികിത്സാ സഹായമായി പരമാവധി 5000/-രൂപ വരെ നൽകി വരുന്നു. ബുദ്ധിമാന്ദ്യം ഉൾപ്പെടെ ഭിന്നശേഷിയുള്ളവർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന പ്രതിമാസം 1000/- രൂപ പെൻഷൻ നൽകുന്നുണ്ട് . മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്ന സ്ഥാപങ്ങൾക്ക് സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും 2016 -17 വർഷത്തേയ്ക്ക് 15 കോടി രൂപ 243 സ്ഥാപങ്ങൾക്കു നൽകുവാനായി അനുവദിച്ചിട്ടുണ്ട് |

കൂടാതെ 26 .9 .2016 ലെ സ ഉ (സാ.ധാ) നം 456/16/സാനീവ പ്രകാരം ബുദ്ധി വൈകല്യം ഉൾപ്പെടെ യുള്ള ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് ചുവടെ പറയുന്ന പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

| ക്രമ നം | ശ്രേണി | ദിവസ വിദ്യാർത്ഥി കൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥി കൾക്ക് |
|---|---|---|---|
| 1 | 1 മുതൽ 4 വരെ | 300/- | |
| 2 | 5 മുതൽ 10 വരെ | 500/- | |
| 3 | +1, +2, IT തത്തുല്യ കോഴ്സുകൾ | 750/- | 1000/- |
| 4 | ഡിഗ്രി, പോളി ടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ (ഇംപ്ലാന്റ് ട്രെയിനിംഗ്) പ്രൊഫഷണൽ കോഴ്സുകൾ പി.ജി കോഴ്സുകൾ | 1000/- | 1500/- |

(സി) കേരളത്തിലെ സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(സി) എയ്ഡഡ് ആയ സ്പെഷ്യൽ സ്കൂളുകൾക്ക് സേവന വേതന വ്യവസ്ഥകൾ നിലവിലുണ്ട് . മാനസിക വെല്ലു വിളികൾ നേരിടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്ന 33 സ്ഥാപനങ്ങൾക്കു എയ്ഡഡ് പദവി നൽകി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവായിട്ടുണ്ട് . ഇവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ് .

സെക്ഷൻ ഓഫീസർ